# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.590** **29.01.2019-ൽ മറുപടിക്ക്**

### വൈദ്യുതി പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ. എം. സ്വരാജ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (എ) & (ബി) | വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുത പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണ ശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവമാറ്റി പുതിയവ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ സമയ ബന്ധിതമായി നടപ്പിലാക്കി. കൂടാതെ ആധുനികവത്കരണത്തിന്റെ ഭാഗമായി ജി.ഐ.എസ് സബ്സ്റ്റേഷനുകൾ, 33 കെ.വി കണ്ടെയ്നർ സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം 2021-22നകം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു |
| (ബി) | ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുന്നു എന്ന് അറിയിക്കാമോ? | | |

Hemalatha

സെക്ഷൻ ഓഫീസർ